# കഥാകവിതകൾ - 7

# *വടക്കനച്ചന്റെ നാമകരണ വിശുദ്ധിക്കൊരു വൃന്ദഗാനം*

**{നീണ്ട ചരിത്രത്തിനു നീണ്ട കവിത}**

**[പ്രൊഫസ്സർ (ഡോ:) ജോയ് ടി. കുഞ്ഞാപ്പു, *D.Sc., Ph.D.*]**

ഫ്രാൻസീസ് പാപ്പായ്ക്ക്
സ്റ്റാമ്പിൽ അഞ്ചൽ മുദ്രയില്ലാത്ത
അജ്ഞാത കത്ത്:
വിശുദ്ധഗണ വിപുലീകരണ വേളയിൽ
***
ബൂളയിലെ ലത്തീനക്ഷരമേളയിൽ

ഗുട്ടെൻബെർഗിന്റെ പിന്മുറമഷി പുരളാൻ
ഓർമ്മസഹായ സൂത്രവാക്യത്തിലെ
അസ്ഥിരാങ്കത്തിന്നൊരു പേര്.

രൂപതയ്ക്കു
ഗുണജീവിതരേഖാച്ചരിത-
ത്തിട്ടൂരം ചമയ്ക്കാൻ,
മെത്രാസന കണ്ടെഴുത്തുപിള്ളയ്ക്കു
മറവിമാറാല തട്ടാൻ,
നീണ്ട വടിമുനമ്പിലെ ചൂൽ:

1

ഉണ്ടവയറൻ മുതലാളിയെ
കൈവണ്ടിയിലുന്തി വലിക്കുന്നോരെ
മഴവെള്ളക്കുടക്കീഴിൽ
വിയർപ്പിനു വിലപേശാനുയർത്തും
കൈത്തണ്ടപേശീവാക്യം
പച്ചമലയാളത്തിൽ പകർത്ത്യോൻ.

2

പുത്തൻകുരിശും പഴയരിവാളും
ധ്വജാഗ്രക്കൊടിക്കൂറയിൽ വരച്ച്
കൊട്ടിയൂരിൽ കുടിയിറക്കും
കിതപ്പിൻ കുതിപ്പിൽ
അന്നപാനം വെടിഞ്ഞ്
മഴയിലെ വെയിൽവെളിച്ചം
കുടിച്ചോൻ.

3

ബ്രഹ്മചാരിയെങ്കിലും,
നിർദ്ധന കന്യകാദാനം
മൂത്തു മുരടിക്കുംമുമ്പേ
സമൂഹവിവാഹമാക്കിയ
സാമൂഹ്യവിപ്ലവകാരി.

4

പൂർവ്വ തത്ത്വശാസ്ത്രപ്രഭയിൽ,
മദ്ധ്യയുവത്വ രക്തത്തിളപ്പിൽ,
ജനവിമോചനരണത്തിൽ
ശബ്ദധോരണി ഗ്രണ്ടിഗ് ടേപ്പിൽ
പട്ടണപ്പൂമുഖത്തും
ഗ്രാമവയലേലയിലും
അലതീർത്ത വാക്ശരം.

5

കുടുംബക്കിടപ്പറ തീർക്കാൻ
കിടപ്പാടം ദാനവിലയ്ക്കു
പണിക്കാർക്ക്,
ശരീരശാരീരങ്ങൾ
പണയപ്പെടുത്താതെ
പതിച്ചു കൊടുത്തോൻ.

6

നാരായണ തുല്യനായ്,
കുരിശിൽ തൂങ്ങിയ തിരുമൊഴിക്കു
ഭാഷ്യം ചമയ്ക്കാൻ
കർമ്മയോഗ വേദോപനിഷത്തിനെ
പ്രയോഗ സഹസ്രനാമമാക്കവേ,
ദേഹവും ദേഹിയും സമർപ്പിച്ച
പ്രസ്ഥാനശക്തിയെ
ആരോപണ ശരമെയ്യവേ,
ബലിയർപ്പണ വിലക്കുവെല്ലി
“വാറോതനന്റെ വാറോലയെ”
ചവറ്റുകൊട്ടയിലിട്ട്, കുരിശേന്തി,
പരിഹാര പ്രദക്ഷിണവലംവെപ്പിൽ
വിദ്യാർത്ഥി കോർണറിൽ
കുർബ്ബാനചൊല്ലിയ മഹാശയൻ.

7

ളോഹ വെടിഞ്ഞാൽ
രാജകേസരിയോഗം
മുടിയിൽചൂടാൻ കൈനീട്ടിയ
പ്രലോഭനപ്പാമ്പിനെ
കഴുത്തുഞെരിച്ച
അടിസ്ഥാന വിശ്വാസി

8

കൊലക്കേസിലെ
പുരോഹിതനെതിരെ
പരമകോടതിയിൽ
പുനരപേക്ഷ കൊടുത്താൽ
രാജ്യസഭ തലകീഴാക്കും ഭീഷണിയിൽ
സഭാമാനം കാത്ത സ്വാമിഭക്തൻ.

9

ജീവൽപ്രതിസന്ധിയിൽ
ഈടറവിൽ കുഴങ്ങും
യുവശക്തിക്ക്
ദിശാബോധ ശലാകയുയർത്തി
അടിയറവിനെ നിർവ്വീര്യമാക്കും
മലയിലെ ഭാഷണം.

10

വിമോചന വേദശാസ്ത്രപ്പുസ്തകം
ഇടങ്കയ്യിലേന്തി
സമരസഹന കാഹളമൂതി
"അനുസരണമാദ്യം, പിന്നേപരാതി"യെന്ന
സേനാവിധി തലകീഴാക്കി
അന്ത്യാശ്രമത്തിൽ തളർന്ന
വഴങ്ങാത്ത ദുർബ്ബലശരീര-
മജ്ജമാംസാപ്പെരുപ്പിൽ
സത്വ്വീര്യം
അവസാന ശ്വാസസംഹിതയാക്കി
കല്ലറയിൽ മയങ്ങും
പിൻകാല പ്രബോധിനി.

## <u>അവസാനഘട്ടം</u>

രൂപതാക്കോടതിക്കടമ്പ ചാടി
റോമിലെ വട്ടമേശയിൽ
അനുഗൃഹീത പുണ്യവാള-
പ്പട്ടാഭിഷേക മഹോത്സവ-
സ്വപ്നാടനത്തീർത്ഥം
നെറ്റിയിൽ അടയാളമാക്കാൻ –
ദൈവദാസൻ വാഴ്ത്തപ്പെടാൻ,
അനുഗൃഹീതൻ ആരാദ്ധ്യനാകാൻ,
ചുമർത്തുരന്ന് രൂപം ചാർത്താൻ,

രോഗശാന്തിയത്ഭുതയനുമാനം
അച്ചന്റിടപെടൽ മാത്രമായ്
പരീക്ഷണ നിരീക്ഷണമാക്കാൻ –
നിന്ദാസ്തവം വെടിഞ്ഞ്
കാലത്തെ കുലുക്കിച്ചീന്തിയ ക്രൂശിതനെ
“എഴെ തോഴർ” മദ്ധ്യസ്ഥനാക്കും
പ്രാർത്ഥന പരുവപ്പെടുത്തും
സംഘത്തലവന്
നമോവകം!
****************************************************************************
***ബൂള: മാർപ്പാപ്പയുടെ ഔദ്യോഗിക അനുശാസനം